വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി കുമാർ ഐഎഎസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി(സ്കീം കോഡ് : KL 247) പ്രോഗ്രാം ഓഫീസുകൾ, ഐ.സി.ഡി.എസ് പ്രോജക്ടുകൾ എന്നിവിടങ്ങളിലെ POL ചാർജ്ജ്, കരാർ വാഹന വാടക -2025-26 സാമ്പത്തിക വർഷത്തെ ഒന്നാം ക്വാർട്ടറിലെ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. ഈ കാര്യാലയത്തിലെ 28.04.2025 ലെ മേൽ നമ്പർ ഉത്തരവ്
2. തിരുവനന്തപുരം ജില്ല വനിത ശിശുവികസന ഓഫീസറുടെ 25.04.2025 ലെ DWCDO/TVM/52/2025-A നമ്പർ കത്ത്.
3. കൊല്ലം ജില്ല വനിത ശിശുവികസന ഓഫീസറുടെ 29.04.2025 ലെ DWCDO/KLM/55/2025-D നമ്പർ കത്ത്.
4. ഇടുക്കി ജില്ല വനിത ശിശുവികസന ഓഫീസറുടെ 09.04.2025 ലെ DWCDO/IDK/A1-570/24 നമ്പർ കത്ത്.
5. വയനാട് ജില്ല വനിത ശിശുവികസന ഓഫീസറുടെ 22.04.2025 ലെ DWCDO/WYD/241/2025-E നമ്പർ കത്ത്.
6. കണ്ണൂർ ജില്ല വനിത ശിശുവികസന ഓഫീസറുടെ 19.04.2025 ലെ DWCDO/KNR/A3-870/25 നമ്പർ കത്ത്.
7. കാസർഗോഡ് ജില്ല വനിത ശിശുവികസന ഓഫീസറുടെ 10.04.2025 ലെ DWCDO/KSD/A1-502/2025 നമ്പർ കത്ത്.

**ഉത്തരവ് നം. DWCD/2396/2025-ICDSA1 തീയതി: 07-05-2025**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി PFMS മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രോഗ്രാം ഓഫീസുകളിലും, എല്ലാ പ്രോജക്ട് ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിച്ചു വരുന്നു.

2025-26 സാമ്പത്തിക വർഷം ആദ്യ ക്വാർട്ടറിൽ പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്ടുകൾക്കും ആവശ്യമായ POL ചാർജ്ജിനും, കരാർ വാഹന വാടകയ്ക്കുമായി ആകെ 62,08,600/- രൂപ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് പരാമർശം(1) പ്രകാരം അനുവദിച്ചിട്ടുണ്ട്. നിലവിൽ 44,39,664/- രൂപ അനുവദിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ല വനിത ശിശുവികസന ഓഫീസർമാർ പരാമർശം(2), (3), (4), (5), (6), (7) പ്രകാരം ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | POL charge നായി ആവശ്യമുള്ള തുക | Hire charge നായി ആവശ്യമുള്ള തുക | ആകെ ആവശ്യമുള്ള തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 9,86,883/- | 9,86,883/- |
| 2 | കൊല്ലം | 0 | 8,68,961/- | 8,68,961/- |
| 3 | ഇടുക്കി | 0 | 2,54,175/- | 2,54,175/- |
| 4 | വയനാട് | 30,000/- | 4,05,796/- | 4,35,796/- |
| 5 | കണ്ണൂർ | 0 | 10,18,564/- | 10,18,564/- |
| 6 | കാസർഗോഡ് | 0 | 8,75,285/- | 8,75,285/- |
| | ആകെ | 30,000/- | 44,09,664/- | 44,39,664/- |

ജില്ല വനിത ശിശുവികസന ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷം ആദ്യ ക്വാർട്ടറിൽ POL ചാർജ്ജിനത്തിൽ 30,000/- രൂപയും, കരാർ വാഹന വാടകയിനത്തിൽ 44,09,664/- രൂപയും ചേർത്ത് ആകെ 44,39,664/- രൂപ (നാല്പത്തിനാല് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അറുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) മേൽ പട്ടികയിൽ വിവരിക്കും പ്രകാരം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത ജില്ലകളിലെ പ്രോഗ്രാം ഓഫീസുകൾക്കും, ഐസിഡിഎസ് പ്രോജക്ടുകൾക്കും POL ചാർജ്ജിനത്തിൽ 30,000/- രൂപയും, കരാർ വാഹന വാടകയിനത്തിൽ 44,09,664/- രൂപയും ചേർത്ത് ഒന്നാം ക്വാർട്ടറിൽ ആവശ്യമായ 44,39,664/- രൂപ (നാല്പത്തിനാല് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി അറുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതത് ജില്ലാ വനിത ശിശുവികസന ഓഫീസർക്ക്

PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്

ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles/petrols, oil & lubricant of vehicles എന്ന കമ്പോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ല വനിത ശിശുവികസന ഓഫീസർമാർ അവരവരുടെ കീഴിലുള്ള പ്രോഗ്രാം ഓഫീസർമാർക്കും, ശിശുവികസന പദ്ധതി ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതും, തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ തുകയുടെ യു.സി, ചെലവ് വിവരം താമസംവിന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ജില്ല വനിത ശിശുവികസന ഓഫീസർ

തിരുവനന്തപുരം. കൊല്ലം, ഇടുക്കി,

വയനാട്, കണ്ണൂർ, കാസർഗോഡ്

പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
2. പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം. കൊല്ലം, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ്.
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്